**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*122

12-07-2016-ൽ മറുപടിയ്ക്ക്

**നെൽകൃഷി വ്യാപിപ്പിക്കുന്നതിനും വിഷപച്ചക്കറി ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ**

**ചോദ്യം**
ശ്രീ.ആർ.രാമചന്ദ്രൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി. സി.കെ. ആശ
ശ്രീമതി. ഗീതാ ഗോപി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഹെക്ടർ നെൽപ്പാടങ്ങളുണ്ട് എന്നു കണക്കാക്കിയിട്ടുണ്ടോ; ഇവയിലെല്ലാം കൂടി എത്ര നെല്ല് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എക്കണോമിക്ക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് 2005-06 കാലഘട്ടത്തിൽ 275242 ഹെക്ടർ കൃഷിയിടങ്ങളിൽ നിന്നായി 629987 മെട്രിക് ടൺ അരി ഉൽപ്പാദനം ഉണ്ടായിരുന്നത്, 2014-15 കാലഘട്ടത്തിൽ 198159 ഹെക്ടറിൽ നിന്നായി 562093 മെട്രിക് ടൺ ആയി കുറഞ്ഞു. |
| (ബി) | നെൽകൃഷി വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യ ഘട്ടം എന്ന നിലയിൽ 2600 ഹെക്ടർ ആയും, 5 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടർ ആയും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സൗജന്യമായി വിത്തുകൾ നൽകുകയും ഹെക്ടർ ഒന്നിന് 10000 രൂപാ നിരക്കിൽ ധനസഹായവും നൽകി വരികയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. 25 വർഷത്തിനു ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ കൃഷിയിറക്കുന്നതാണ്. ഇതിനു മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നെൽകൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനായി പാഡി മിഷൻ പുനസ്ഥാപിപ്പിച്ചിട്ടുണ്ട്. |
| (സി) | വിഷപച്ചക്കറിയിൽ നിന്ന് സംസ്ഥാനത്തെ മോചിപ്പിക്കുന്നതിന് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) | 'ഓണം സമൃദ്ധി' പദ്ധതിയിൽ ഉൾപ്പെടുത്തി ഓണത്തിന് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷക കൂട്ടായ്മയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതാണ്. നല്ല കാർഷിക മുറകൾ (Good Agricultural Practices) കേരളത്തിൽ കർശനമായി നടപ്പിലാക്കും. ഇതിന്റെ ഭാഗമായി പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള ആധുനിക സംവിധാനം വിപുലമാക്കും. കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും. ജൈവകൃഷിക്ക് പ്രാധാന്യം നൽകി ജൈവകാർഷികനയം രൂപീകരിക്കും. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചനരഹിതവുമായ ഉപയോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനി കമ്പനികൾ കൃഷിയിടങ്ങളിൽ പോയി കൃഷിക്കാർക്ക് നേരിട്ട് കീടനാശിനികളെ പ്രചരിപ്പിക്കുന്ന ഡെമോൺസ്ട്രേഷനുകളും പരസ്യ പരിപാടികളും നിരോധിച്ചുകൊണ്ട് സർക്കുലർ ഇറക്കിയിട്ടുണ്ട്. പെസ്റ്റിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഷോറൂമുകളിൽ മാസത്തിൽ |

| | | | |
|---|---|---|---|
| | | | രണ്ടു തവണ പരിശോധന നടത്തുകയും ഷോറൂമുകളിലെ സ്റ്റോക്കും വിൽപ്പനയും പരിശോധിക്കേണ്ടതാണെന്ന് ഉത്തരവ് നൽകിയിട്ടുളളതാണ്. സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുന്നതിനായി ജില്ലാ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ